# ത്വൻത്വാവി

അന്തരിച്ച ശൈഖുൽ അസ്ഹർ ത്വൻത്വാവിയുടെ വ്യക്തിജീവിതവും സംഭാവനകളും പരിശോധിക്കുന്നു

## പക്വമതിയായ മഹാപണ്ഡിതൻ

വ്യക്തി ജീവിതം

ലുഖ്മാൻ വാഫി, കെയ്റോ

നാലു പതിറ്റാണ്ടിലേറെക്കാലം ഇസ്‌ലാമിക വൈജ്ഞാനിക രംഗത്ത് നിറസാന്നിധ്യമായിരുന്ന മഹാപണ്ഡിതനായിരുന്നു ഈജിപ്തിലെ അൽ അസ്ഹർ യൂണിവേഴ്സിറ്റി റെക്ടർ (ശൈഖുൽ അസ്ഹർ) മുഹമ്മദ് സയ്യിദ് ത്വൻത്വാവി. കിങ് ഫൈസൽ അവാർഡ് ദാന ചടങ്ങിൽ പങ്കെടുത്ത് കൈറോവിലേക്ക് മടങ്ങവെയാണ് റിയാദിലെ കിങ് ഖാലിദ് വിമാനത്താവളത്തിൽ വെച്ച് ത്വൻത്വാവിക്ക് ഹൃദയാഘാതമുണ്ടായത്. ഉടനെ മരണപ്പെട്ട അദ്ദേഹത്തെ വസിയത്ത് പ്രകാരം മദീനയിലെ ജന്നത്തുൽ ബഖീഇൽ മറവ് ചെയ്തു.

1996-ലാണ് ത്വൻത്വാവി ശൈഖുൽ അസ്ഹറായി നിയമിതനാകുന്നത്. ഇസ്‌ലാമുമായി ബന്ധപ്പെടുന്ന ഏതൊരു പ്രശ്നം വരുമ്പോഴും ലോകം കാതോർക്കുന്ന ശബ്ദമാണ് ശൈഖുൽ അസ്ഹറിന്റേത്. ഈജിപ്തിൽ പ്രധാനമന്ത്രി പദത്തിന് തുല്യമായി പരിഗണിക്കപ്പെടുന്ന ശൈഖുൽ അസ്ഹറിന് സ്വന്തമായ അധികാരങ്ങളും ഫണ്ടുമുണ്ട്. ഉസ്മാനിയാ ഭരണകാലത്ത് നിലവിൽ വന്ന ശൈഖുൽ അസ്ഹർ പരമ്പരയിലെ 47ാമനാണ് ത്വൻത്വാവി. 1690ൽ വഫാത്തായ ശൈഖ് മുഹമ്മദ് അബ്ദുല്ല അൽ ഖറാശി ആയിരുന്നു ആദ്യത്തെ ശൈഖുൽ അസ്ഹർ.

അത്ഭുകരമായ വിനയത്തിന്റെയും പക്വതയുടെയും ആൾരൂപമായിരുന്നു ത്വൻത്വാവി. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളോട് ശക്തമായ എതിർപ്പ് പ്രകടിപ്പിക്കുന്നവർ പോലും സ്നേഹിച്ചും അംഗീകരിച്ചും പോകുന്ന സ്വഭാവത്തിനും ഗാംഭീര്യത്തിനും ഉടമ. ആഴത്തിലുള്ള ഇസ്‌ലാമിക വിജ്ഞാനവും വിശാലമായ ജീവിത ദർശനവും സമകാലിക സംഭവ വികാസങ്ങളെക്കുറിച്ചുള്ള സൂക്ഷ്മമായ വിലയിരുത്തലുകളുമാണ് അദ്ദേഹത്തെ സമകാലിക പണ്ഡിതന്മാരിൽ നിന്നും വ്യതിരിക്തനാക്കുന്നത്. മിതത്വം, സഹിഷ്ണുത, മധ്യമ നിലപാട്, നീതി തുടങ്ങിയ ഇസ്‌ലാമിക മൂല്യങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ് ജീവിതാന്ത്യം വരെ അദ്ദേഹം ശ്രമിച്ചത്. ചിന്ത കൊണ്ടും ജീവിതം കൊണ്ടും നിസ്വാർത്ഥമായി ഇസ്‌ലാമിനെ സേവിച്ച ത്വൻത്വാവി പള്ളികളും മതപാഠശാലകളും ഉൾപ്പെടെയുള്ള നിരവധി സ്ഥാപനങ്ങളുടെ നിർമ്മാണത്തിലും പുരോഗതിയിലും നിസ്തുലമായ പങ്ക് വഹിച്ചു. ശൈഖുൽ അസ്ഹറായി നിയമിതനായതോടെ അൽ അസ്ഹറിന്റെ സമഗ്രപുരോഗതിക്ക് വേണ്ടിയും അദ്ദേഹം കഠിന ശ്രമം നടത്തി. മാത്രമല്ല, സമകാലിക ലോകത്തോട് എങ്ങനെയാണ് ഏറ്റവും ക്രിയാത്മകമായി സംവദിക്കേണ്ടതെന്നും അദ്ദേഹം തന്റെ ശിഷ്യഗണങ്ങളെ പഠിപ്പിച്ചു.

ഇതരമതസ്ഥരോടുള്ള ത്വൻത്വാവിയുടെ നിലപാടുകൾ വളരെ സഹിഷ്ണുതാപരമായിരുന്നു. ഈജിപ്തിലെ ബഹുഭൂരിപക്ഷം വരുന്ന മുസ്‌ലിംകൾക്കും ന്യൂനപക്ഷമായ ക്രിസ്ത്യാനികൾക്കുമിടയിലെ സൗഹൃദാന്തരീക്ഷം സംരക്ഷിക്കുന്നതിൽ ത്വൻത്വാവി വളരെ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. ഈജിപ്തിലെ ക്രിസ്ത്യൻ വിഭാഗങ്ങളുടെ നേതാക്കളുമായി ഊഷ്മള ബന്ധമായിരുന്നു ത്വൻത്വാവിക്ക്. മറ്റുള്ളവരുടെ അഭിപ്രായങ്ങളെയും ചിന്തകളെയും ഉൾക്കൊള്ളാനും മാനിക്കാനും തയ്യാറാവുന്ന മനസ്സായിരുന്നു അദ്ദേഹത്തിന്റേത്.

തീവ്രവാദത്തിനും ഭീകരവാദത്തിനുമെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടെടുത്ത ത്വൻത്വാവി സെപ്തംബർ 11ലെ വേൾഡ് ട്രേഡ് സെന്റർ ആക്രമണം പോലുള്ള വിധ്വംസക പ്രവർത്തനങ്ങളെ ശക്തമായ ഭാഷയിലാണ് അപലപിച്ചത്. ഇസ്‌ലാമിന്റെ സഹിഷ്ണുതാപരവും മാനവികവുമായ മുഖത്ത് ചെളി വാരിയെറിയാൻ മുസ്‌ലിം ലേബലിൽ പ്രവർത്തിക്കുന്ന തീവ്രവാദപ്രസ്ഥാനങ്ങളെയും വ്യക്തികളെയും എതിർക്കുന്നതിൽ അദ്ദേഹം യാതൊരു ദാക്ഷിണ്യവും കാണിച്ചിരുന്നില്ല. പകരം, ഇസ്‌ലാമിന്റെ മിതത്വവും തീവ്രവിരുദ്ധ മധ്യമ നിലപാടും ലോകജനങ്ങൾക്ക് മുമ്പിൽ അവതരിപ്പിക്കാനാണ് അദ്ദേഹം ശ്രമിച്ചത്.

1928ൽ ഈജിപ്തിലെ സൗഹാജ് പ്രവിശ്യയിലെ സലീം ഗ്രാമത്തിൽ ജനിച്ച ത്വൻത്വാവി പ്രഥമിക പഠനം നിർവ്വഹിച്ചതും വിശുദ്ധ ഖുർആൻ മനഃപാഠമാക്കിയതും സ്വന്തം ഗ്രാമത്തിൽ വെച്ചായിരുന്നു. 1944ൽ അലക്സാണ്ട്രിയയിലെ മതപാഠശാലയിൽ വെച്ച് സെക്കണ്ടറി വിദ്യാഭ്യാസവും കുല്ലിയത്തു ഉസൂലിദ്ദീനിൽ വെച്ച് ബിരുദവും നേടി. തൊട്ടടുത്ത വർഷം തന്നെ അധ്യാപന പരിശീലനവും കരസ്ഥമാക്കി. 1966ൽ ഖുർആൻ വ്യാഖ്യാന ശാസ്ത്രത്തിലും ഹദീസിലും അൽ അസ്ഹർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ത്വൻത്വാവി അധ്യാപന രംഗത്ത് ശ്രദ്ധ പതിപ്പിച്ചു. 1968ൽ കുല്ലിയത്തു ഉസൂലിദ്ദീനിൽ അധ്യാപകനായായിരുന്നു തുടക്കം. തുടർന്ന് 1972 മുതൽ 76 വരെ ലിബിയയിൽ അധ്യാപകനായി. ശേഷം നാലു വർഷം കുല്ലിയത്തു ഉസൂലിദ്ദീനിന്റെ പ്രിൻസിപ്പലായും 1980 മുതൽ 84 വരെ മദീനയിലെ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിലെ തഫ്സീർ വിഭാഗം തലവനായും പ്രവർത്തിച്ചു. 1985ൽ കോളേജ് ഓഫ് ഇസ്‌ലാമിക് ആന്റ് അറബിക് സ്റ്റഡീസിന്റെ പ്രിൻസിപ്പലായി. തൊട്ടടുത്ത വർഷം തന്നെ ഈജിപ്തിലെ മുഫ്തിയായും അദ്ദേഹം നിയമിതനായി. 1895ൽ ദാറുൽഇഫ്താഅ് സ്ഥാപിക്കപ്പെട്ടതിനു ശേഷം വന്ന മുഫ്തി പരമ്പരയിലെ പതിനഞ്ചാമനായിരുന്നു ത്വൻത്വാവി. സമകാലിക പ്രശ്നങ്ങൾക്കെല്ലാം വിവാദങ്ങളെയും വ്യക്തികളെയും ഭയക്കാതെ കർമ്മശാസ്ത്രത്തിലൂടെ പരിഹാരം കണ്ടെത്താൻ ശ്രമിച്ച ത്വൻത്വാവി ദാറുൽഇഫ്തായിലൂടെ 7557 ഫത്‌വകൾ നൽകിയിട്ടുണ്ട്. 1996 മാർച്ച് 27ന് ഈജിപ്തിലെ പ്രധാനമന്ത്രി പദവിക്ക് തുല്യമായ ശൈഖുൽ അസ്ഹർ (അൽ അസ്ഹർ യൂണിവേഴ്സിറ്റി റെക്ടർ) ആയും നിയമിതനായി.

ബാങ്കിങ്ങും ഇസ്‌ലാമിക വിധികളും, ഇസ്‌ലാമിലെ സ്ത്രീ, ഹജ്ജിന്റെയും ഉംറയുടെയും വിധികൾ, ജുമുഅ ഖുത്വുബ, വിശുദ്ധ ഖുർആനിലെ ബനൂ ഇസ്‌റാഈൽ തുടങ്ങിയ ഇരുപതിലേറെ ശ്രദ്ധേയമായ ഗ്രന്ഥങ്ങൾ രചിച്ച ത്വൻത്വാവിയുടെ ഏറ്റവും പ്രശസ്തമായ രചന 1972ൽ പ്രസിദ്ധീകരിച്ച അത്തഫ്സീറുൽ വസീത് എന്ന വിശുദ്ധ ഖുർആൻ വ്യാഖ്യാന ഗ്രന്ഥമാണ്. 30 വാള്യങ്ങളും ഏഴായിരത്തിലേറെ പേജുകളുമുള്ള ഈ ഗ്രന്ഥം പത്തിലേറെ വർഷമെടുത്താണ് ത്വൻത്വാവി തയ്യാറാക്കിയത്. അൽ അസ്ഹറിലെ എല്ലാ കോളേജുകളിലും പഠിപ്പിക്കപ്പെടുന്ന തഫ്സീറുൽ വസീതിന്റെ ഏറ്റവും വലിയ സവിശേഷത സൂക്ഷമമായ വിശദീകരണ ശൈലിയും ഭാഷയുടെ ലാളിത്യവുമാണ്. സൂക്തങ്ങളുടെ അവതരണ പശ്ചാത്തലവും കാരണവുമെല്ലാം സവിസ്തരം അതിൽ വിശദീകരിക്കുന്നുണ്ട്.

ഖുർആൻ മനഃപാഠമാക്കാത്തവർ അസ്ഹറിലെ വിദ്യാർത്ഥികളല്ലെന്ന് അസ്ഹറിൽ വെച്ച് പ്രസംഗിക്കുമ്പോൾ അദ്ദേഹം ആവർത്തിച്ചു പറയാറുണ്ടായിരുന്നു. സൂഫീ ചിന്തകളോട് വളരെയേറെ ആഭിമുഖ്യം കാണിച്ച ത്വൻത്വാവി അവസാനമായി ഒരു പ്രമുഖ ഈജിപ്ഷ്യൻ പത്രത്തിൽ എഴുതിയതും സൂഫിസത്തെപ്പറ്റിയായിരുന്നു. കഴിഞ്ഞ ഫെബ്രുവരി 12ന് ശൈഖ് ഹസ്സാനീൻ പള്ളി ഉദ്ഘാടനം ചെയ്ത്കൊണ്ട് നടത്തിയ അവസാന പ്രസംഗത്തിൽ പള്ളി നിർമ്മാണത്തിന്റെ മഹത്വത്തെക്കുറിച്ചായിരുന്നു അദ്ദേഹം വാചാലനായിരുന്നത്.

പ്രായമായിട്ടു പോലും സഹപ്രവർത്തകർക്കു പോലും മാതൃകയാകും വിധത്തിൽ ജോലിയിൽ വളരെ കൃത്യതയും കണിശതയും അദ്ദേഹം പുലർത്തിയിരുന്നു. രാവിലെ 8 മണി മുതൽ വൈകുന്നേരം 3 മണി വരെ അസ്ഹറുമായി ബന്ധപ്പെട്ട ജോലികളിൽ വ്യാപൃതനാവുന്ന ത്വൻത്വാവി അതിനു ശേഷം റേഡിയോവിലെയും ടെലിവിഷനിലെയും വൈജ്ഞാനിക പരിപാടികളിൽ പങ്കെടുക്കുക്കുമായിരുന്നു. ഈ തിരക്കിനിടയിലും അസ്ഹറിലെ തന്റെ വിദ്യാർത്ഥികളുമായി സംസാരിച്ചിരിക്കാൻ താൽപര്യം കാണിക്കും. ഏറ്റവും കൂടുതൽ അമുസ്‌ലിം അതിഥികളെ സ്വീകരിച്ച ശൈഖുൽ അസ്ഹറും ത്വൻത്വാവിയാണ്. അതിഥികൾക്കദ്ദേഹം ഇസ്‌ലാമിനെ വളരെ സരളമായും സമഗ്രമായും വിശദീകരിച്ചു കൊടുക്കാറുണ്ടായിരുന്നു.

ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന ഇസ്‌ലാമിക യൂണിവേഴ്സിറ്റിയായ അൽ അസ്ഹർ കൈറോ പട്ടണത്തിലെ ആദ്യ പള്ളിയായിട്ടാണ് ക്രിസ്താബ്ദം: 970ൽ സ്ഥാപിതമാകുന്നത്. 969ൽ ഈജിപ്ത് കീഴടക്കിയ ഫാത്വിമികളാണ് ഇതിന്റെ സ്ഥാപകർ. തീവ്രവാദവും ഭീകരവാദവും വ്യത്യസ്ത രീതികളിൽ ഇസ്‌ലാമിന്റെ പരിപ്രേക്ഷ്യമായി ചിത്രണം ചെയ്യപ്പെടുന്ന നവലോക ക്രമത്തിൽ ഇസ്‌ലാമിന്റെ തത്വശാസ്ത്രവും സംസ്കാരവും മുന്നോട്ടു വെക്കുന്ന മിതവാദത്തിന്റെയും സംവേദനക്ഷമതയുടെയും മുഖത്തെ പറയാനും പഠിപ്പിക്കാനുമാകുന്നു എന്നതാണ് അസ്ഹറിനെ വേറിട്ടു നിർത്തുന്ന ഘടകം. ചാവേറിന്റ ഇസ്‌ലാമിക മാനം പറഞ്ഞപ്പോഴും ഇസ്രാഈൽ പ്രധാനമന്ത്രി ഷിമോൺ പെരസിനെ ഹസ്തദാനം ചെയ്തപ്പോഴുമെല്ലാം വിമർശകർ ത്വൻത്വാവിയെ വിമർശിച്ചത് അദ്ദേഹം ഈയൊരു ചിന്തയുമായി മുന്നോട്ടു പോയത് കൊണ്ടായിരുന്നു.



ത്വൻത്വാവിയുടെ വിവാദമുയർത്തിയ ഫത്‌വകളും കർക്കശമായ നിലപാടുകളും വിശകലനം ചെയ്യുന്നു

## നിശിതമായ നിലപാടുകൾ

വിശകലനം

കെ.സി. അബ്ദുറഹ്മാൻ കൂരിയാട്

ഇസ്‌ലാമിക ലോകത്തിന്റെയെന്നല്ല ലോകരാഷ്ട്രങ്ങളുടെ തന്നെ ശ്രദ്ധാകേന്ദ്രമായിരുന്നു രണ്ടാഴ്ച മുമ്പ് മരണമടഞ്ഞ മുഹമ്മദ് സയ്യിദ് ത്വൻത്വാവി. ഇസ്‌ലാമിക കർമ മണ്ഡലത്തിൽ തന്റേതായ വ്യക്തിമുദ്രപതിപ്പിച്ചു എന്നതിനപ്പുറം വിഷയങ്ങളിൽ സ്വതന്ത്രചിന്തയും വീക്ഷണങ്ങളുമുള്ള അപൂർവ്വ വ്യക്തിത്വം സൂക്ഷിച്ചു അദ്ദേഹം. അദ്ദേഹം. പലപ്പോഴും വിവാദങ്ങൾക്കും സംഘർഷ സാഹചര്യങ്ങൾക്കും കാരണമായിട്ടുണ്ടെങ്കിലും തന്റെ ഉറച്ച നിലപാടുകളിൽ നിന്ന് പിന്മാറാൻ അദ്ദേഹം തയ്യാറായിരുന്നില്ല. സമ്മർദ്ദങ്ങളും വിവാദങ്ങളും അദ്ദേഹത്തെ തെല്ലും ചഞ്ചലനാക്കിയില്ലയെന്നർത്ഥം. യു.കെ യിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'ഗാർഡിയനി'ൽ ഇർഫാനുൽ അലി അദ്ദേഹത്തെപ്പറ്റി എഴുതിയ ലേഖനത്തിന്റെ തലക്കെട്ട് 'വിവാദങ്ങളുടെ തോഴനായ ത്വൻത്വാവി എന്നാണ്.

ഈജിപ്തിലെ അൽ അ്ഹർ സർവകലാശാലയുടെ മേധാവിയായി 1996 മുതൽ വിയോഗം വരെ സേവനമനുഷ്ഠിച്ചതാണ് ത്വൻത്വാവിക്ക് ലോകതലത്തിൽ കൂടുതൽ ഖ്യാതി നേടിക്കൊടുത്തത്. അതിന് മുമ്പ്, തന്റെ അൻപത്തി എട്ടാം ജന്മദിനത്തിൽ ഈജിപ്തിലെ പരമോന്നത മതപദവിയായ ഗ്രാന്റ് മുഫ്തിയായി 1986 മുതൽ1996 സേവനമനുഷ്ഠിച്ചിരുന്നു. ആയിടക്കാണ് പല സങ്കീർണ വിഷയങ്ങളിലും സധൈര്യം വിധിപ്രസ്താവം നടത്തുകയും പലപ്പോഴും ജനപ്രീതി പിടിച്ചുപറ്റുകയും ചെയ്തത്. എന്നാൽ ഇതേ ദൗത്യനിർവഹണത്തിനിടെയാണ് അദ്ദേഹം പല വിഷയങ്ങൾക്കും ഫത്‌വ നൽകിയതിലൂടെ സാരമായ വിവാദങ്ങൾക്ക് തിരികൊളുത്തിയതെന്ന് മറച്ചുവെക്കാനാവില്ല.

അലക്സാണ്ട്രിയ റിലീജസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഉസ്വൂലുദ്ദീൻ ഫാക്കൽട്ടിയിൽ പ്രഫസറായും ഡീനായും ലിബിയൻ ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയിൽ അറബിക് ആന്റ്

ഇസ്‌ലാമിക് സ്റ്റഡീസിൽ പ്രഫസറായും മദീന ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയിൽ തഫ്സീർ ഡിപ്പാർട്ടമെന്റ് മേധാവിയായും ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട് അദ്ദേഹം. മുസ്‌ലിം സമൂഹത്തിനിടയിൽ ഏറക്കാലമായി അനിശ്ചിതത്വം നിലനിൽക്കുന്ന ബാങ്കിംഗിനെക്കുറിച്ച് മുആലമാത്തുൽബങ്ക് എന്ന ഗഹനമായ ഗ്രന്ഥം ത്വൻത്വാവിയുടെ സമകാലിക പ്രസക്തിക്കു തെളിവാണ്.

### വ്യത്യസ്തനായ പണ്ഡിതൻ, വിചിത്രമായ കാഴ്ചപ്പാടുകൾ

ത്വൻത്വാവിയുടെ ഫത്‌വകൾ, അവയുടെ പ്രയോഗ സാധ്യതകൾ കൊണ്ടും യുക്തി-പ്രമാണ ഭദ്രത കൊണ്ടും ശ്രദ്ധേയമായിരുന്നു. സ്ത്രീകൾ മൂടുപടം ധരിക്കുന്നതു സംബന്ധിച്ച് അദ്ദേഹം നൽകിയ ഏറ്റവും പുതിയ ഫത്‌വ ഈജിപ്തിനെയും ഇസ്‌ലാമിക ലോകത്തെ തന്നെയും വിറകൊള്ളിച്ചു. പല വിഷയങ്ങളിലും മുസ്‌ലിം വിഭാഗങ്ങൾ ചേരിതിരിഞ്ഞിട്ടുണ്ടെങ്കിലും നിഖാബിന്റെ (മൂടുപടം) വിഷയത്തിൽ ത്വൻത്വാവിയുടെയത്ര വ്യത്യസ്തമായ നിലപാട് ആരും സ്വീകരിച്ചിരുന്നില്ല. നിഖാബിനെതിരായ അദ്ദേഹത്തിന്റെ നിലപാട് നിശിത വിമർശനു വിധേയമായി.

2009 ഒക്ടോബറിൽ ത്വൻത്വാവിയുടെ കാർമികത്വത്തിൽ അൽഅസ്ഹർ യൂനിവേഴ്സിറ്റയുടെ അംഗീകൃത കോളജിൽ വെച്ച് നിഖാബിനെതിരെ വിപുലമായ ഒരു കാംപയിൻ തന്നെ സംഘടിപ്പിച്ചിരുന്നു. അവിടെ വെച്ച് അദ്ദേഹം ഒരു കൗമാരപ്രായക്കാരിയായ വിദ്യാർത്ഥിനിയുടെ മൂടുപടം സ്വയം അഴിപ്പിച്ചത് വിവാദമായി. ഇതോടൊപ്പം അദ്ദേഹം വിദ്യാർത്ഥിനിയോട് പറഞ്ഞു: 'തവുമായി പുലബന്ധം പോലുമില്ലാത്ത ഒരു ആചാരമെന്നതിൽ കവിഞ്ഞ് നിഖാബിന് ഒരു പ്രസക്തിയുമില്ല. അതുകൊണ്ട് നീ ഒരിക്കലും അത് ധരിക്കരുത്. കോളജിലെ നിഖാബ് ധാരികൾക്കെതിരെ ഫത്‌വ പുറപ്പെടുവിക്കാനും അത്തക്കാരികൾക്ക് സ്കൂൾ (അൽഅസ്ഹർ അംഗീകൃത) പ്രവേശം നിരോധിക്കാനുമുള്ള തീരുമാനത്തിലാണ് ഞാൻ.' മുസ്‌ലിം ഭൂരിപക്ഷരാഷ്ട്രമായ ഈജിപ്തിന്റെ ഗ്രാന്റ് മുഫ്തിയുടെ ഈ ആശയപ്രകടനം മുസ്‌ലിം ലോകത്തും പണ്ഡിതന്മാർക്കിടയിലും കടുത്ത വിയോജിപ്പിനിടയാക്കി. നിഖാബിനെതിരായ നിലപാട് ഫ്രഞ്ച് ഗവൺമെന്റ് കൈക്കൊണ്ട സാഹചര്യത്തിൽ, ലോകമുസ്‌ലിം പണ്ഡിത ഐക്യവേദി ത്വൻത്വാവിയുടെ ഫത്‌വയെ ഐകകണ്ഠ്യേന അപലപിക്കുകയും അതിനെതിരെ പരസ്യമായി രംഗത്തുവരികയും ചെയ്തു. ഈ ഘട്ടത്തിലും തന്റെ നിലപാടിൽ നിന്നു പിന്മാറാതെ, ഫ്രാൻസിന്റെ നയത്തെ അംഗീകരിക്കാൻ ത്വൻത്വാവി ധൈര്യം കാണിച്ചു.

സ്ത്രീകളുടെ ചേലാകർമ വിഷയത്തിലും ത്വൻത്വാവിയുടെ നിലപാട് ശ്രദ്ധേയമാണ്. ിക്ക മുസ്‌ലിം പണ്ഡതരും പുണ്യകർമമാണെന്ന് വിശ്വസിച്ച കാര്യം അനിസ്‌ലാമികമാണെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. ഇതു സംബന്ധിയായുണ്ടായ സംവാദത്തിൽ, തന്റെ നിലപാടിന് ഊന്നൽ നൽകാൻ 'ന്റെ മകളെ വരെ ഞാൻ ചേലാകർമം ചെയ്തിട്ടില്ല' ദന്ന് പറയുകയും ചെയ്തു അദ്ദേഹം.



വിവാദങ്ങൾക്കൊപ്പം: ഇസ്രാഈൽ മുൻ പ്രധാനമന്ത്രി ഷിമോൺ പെരസിനൊപ്പം ത്വൻത്വാവി

ഫലസ്തീനിൽ ഇപ്പോൾ നിലനിൽക്കുന്നതു പോലുള്ള അനിവാര്യ സാഹചര്യത്തിൽ ചാവേർ ആക്രമണത്തെ യുദ്ധതന്ത്രമായി അവലംബിക്കാമെന്നും അത് അനുവദനീയമാണെന്നും ലോകപ്രസിദ്ധ ഇസ്‌ലാമിക പണ്ഡിതൻ ശൈഖ് യൂസുഫുൽ ഖർളാവി ഫത് വ നൽകിയപ്പോൾ, തീരെ ഭിന്നമായിരുന്നു ത്വൻത്വാവിയുടെ പക്ഷം. 'അവർ ഇസ്‌ലാമിന്റെ ശത്രുക്കളാണ്. തീവ്രവാദം ഇസ്‌ലാമിന്റെ ആജന്മശത്രുവാണ്. പക്ഷെ അടിച്ചമർത്തപ്പെട്ടവരെയും അവകാശധ്വംസിതരെയും സംബന്ധിച്ചിടത്തോളം പ്രതിരോധാർത്ഥം അവകാശനേട്ടത്തിനും ജിഹാദ് അനുവദനീയമാണ്.' എന്നാണ് ത്വൻത്വാവി നിരീക്ഷിച്ചത്. ബഹുസ്വര സമൂഹത്തിൽ മുസ്‌ലിംകൾ അവിടുത്തെ നിയമങ്ങൾ അനുസരിച്ച് ജീവിക്കണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

1989-ൽ ഈജിപ്തിന്റെ ഗ്രാന്റ് മുഫ്തി പദവി അലങ്കരിക്കവേ ത്വൻത്വാവിക്ക് സർക്കാരിൽ നിന്നും വെല്ലുവിളി നേരിടേണ്ടി വന്നു. രാജ്യത്തിന്റെ കെട്ടുറപ്പിനെയും ഭദ്രതയെയും ബാധിക്കും വിധം വളരെ സങ്കീർണമായ ഒന്നായിരുന്നു അത്. ഈജിപ്ത് അതിന്റെ യാഥാസ്ഥിക മനോഭാവങ്ങളിൽ നിന്നും മൗലികമൂല്യങ്ങളിൽ നിന്നും വ്യതിചലിച്ച് ചില പുരോഗനാത്മക ചിന്തകൾക്ക് വഴി തുറന്ന കാലമായിരുന്നു അത്. ഭരണകൂടം പാശ്ചാത്യവൽകൃത പലിശാധിഷ്ഠിത ബാങ്കിങ്ങ് സംവിധാനം രാജ്യത്തിന്റെ ചിലയിടങ്ങളിൽ പരീക്ഷിക്കാനൊരുമ്പെട്ടപ്പോൾ രാജ്യത്തിന്റെ എല്ലാ ദിക്കുകളിൽ നിന്നും പണ്ഡിത-പൊതുജന സഹസ്രങ്ങളുടെ ശക്തമായ പ്രതിഷേധമിരമ്പി. അത് പലപ്പോഴും രാഷ്ട്രത്തിന് വലിയ ആഘാതം തന്നെ സൃഷ്ടിച്ചു. ഈയൊരു സങ്കീർണ സാഹചര്യത്തിൽ ഇതു സംബന്ധിയായി പൊതുജനത്തിന് മുമ്പാകെ സ്പഷ്ടമായ തീരുമാനം അറിയിക്കണമെന്ന് ഭരണകൂടം ത്വൻത്വാവിയോടപേക്ഷിച്ചു. നിലവിലുള്ള സേവിംഗ്സ് അക്കൗണ്ടിൽ നിന്നും സർക്കാർ സമ്പത്തിൽ നിന്നും ലഭിക്കുന്ന ചില പലിശാരീതികളോട് ഇസ്‌ലാം സഹിഷ്ണുതാപരമായ നിലപാടാണ് സ്വീകരിക്കുന്നതെന്നും, ബാങ്കിൽനിന്ന് ലോണെടുത്ത കാരണമുണ്ടാവുന്ന പലിശ പൊറുക്കപ്പെടുന്നതാണെന്നും അദ്ദേഹം വിധിപറഞ്ഞു. ഇതോടെ വായ്പാ വ്യവസായത്തിന്റെയും റിയൽ എസ്റ്റേറ്റിന്റെയും പുതിയ കവാടങ്ങൾ ഈജിപ്തിൽ മലർക്കെ തുറക്കപ്പെട്ടു. ഈ ഫത്‌വയെ പിടിവള്ളിയാക്കി പലിശാധിഷ്ഠിത ഇടപാടുകൾക്കും നിരോധിതകൃത്യങ്ങൾക്കും വരെ ജനം മുതിർന്നുവെന്നത് ഇതിന്റെ മറുവശം. പക്ഷേ, ത്വൻത്വാവിയുടെ ന്യായങ്ങൾ മുഖ്യ ഇസ്‌ലാമിക സ്രോതസ്സുകളുടെ പിൻബലത്തിലുള്ളതായിരുന്നു.

ബലാൽസംഗം ചെയ്യപ്പെട്ട സ്ത്രീക്ക് ഭ്രൂണഹത്യ അനുവദനീയമാണെന്ന പക്ഷക്കാരനായിരുന്നു ത്വൻത്വാവി. ലോകപ്രശസ്ത കർമശാസ്ത്ര വിചക്ഷണനും നിയുക്ത ശൈഖുൽ അസ്ഹറുമായ ശൈഖ് അലി ജുമുഅഃ ത്വൻത്വാവിയുടെ ഫത്‌വയോട് പ്രതികരിച്ചത് ഇങ്ങനെയാണ്: 'ഈ വിഷയത്തിൽ ഥൻഥാവിക്ക് അബദ്ധം പിണഞ്ഞിട്ടുണ്ട്. കാരണം ഗർഭിണിയായി നൂറ്റി ഇരുപത് ദിവസം തികഞ്ഞാൽ ഭ്രൂണഹത്യ നിഷിദ്ധമാണെന്നാണെന്നാണ് ഇസ്‌ലാമിന്റെ വിധി.'

ശൈഖുൽ അസ്ഹർ പദവിയിൽ, തന്റെ മുൻഗാമികളിൽ നിന്നുണ്ടാവാത്ത പല കാര്യങ്ങളും ത്വൻത്വാവിയിൽ നിന്നുണ്ടായെന്നത് ശ്രദ്ധേയമാണ്. സ്ത്രീകൾ ഉയർന്ന സർക്കാർ ഉദ്യോഗങ്ങൾ കൈകാര്യം ചെയ്യണമെന്ന പക്ഷക്കാരനായിരുന്നു അദ്ദേഹം. ഒരളവോളം വിവാദങ്ങളാണ് അദ്ദേഹത്തെ ലോകത്തിന് പരിചയപ്പെടുത്തിയത് എന്ന പറഞ്ഞാൽ തെറ്റാവില്ല. പ്രഥമ കാലങ്ങളിൽ രാജ്യത്ത് അദ്ദേഹത്തിനുണ്ടായിരുന്ന സ്വാധീനം അവസാനകാലഘട്ടങ്ങളിൽ ഇല്ലാതാവുകയും ജനഹൃദയങ്ങളിൽ ഓരോ ശൈഖുൽ അസ്ഹറിനുമെന്ന പോലെ അദ്ദേഹത്തിലുണ്ടായിരുന്ന വിശ്വാസ്യത ചോർന്നുപോവാനിടയായതും ഒരുപക്ഷെ അദ്ദേഹത്തിന്റെ നിശിത നിലപാടുകൾ കാരണമായിരിക്കാം.

പ്രസിഡന്റ് ഹുസ്നി മുബാറക്കടങ്ങുന്ന ഭരണകൂടത്തിന്റെ സമ്മർദ്ദങ്ങളും നിർദേശങ്ങളുമാണ് പലപ്പോഴും ഥൻഥാവിയെ ഭരിച്ചതെന്നു വിമർശനമുണ്ട്. ശൈഖുൽഅസ്ഹറെന്ന നിലക്ക് അദ്ദേഹത്തെ വെട്ടിലാക്കിയ പല നീക്കങ്ങൾക്കും പിന്നിൽ മുബാറക് ഭരണകൂടത്തിന്റെ ചരടുവലികൾ നടന്നിട്ടുണ്ടെന്നാണ് നിരീക്ഷണം.

### അൽഅസ്ഹറിന്റെ ഭാവി

വേണ്ടുവോളം ജനസമ്മിതിയും പൊതുജനസ്വാധീനവുമുള്ള കർമ്മശാസ്ത്ര ലോകത്തെ അഗ്രഗണ്യനും പണ്ഡിതവിശാരദനുമായ ശൈഖ് അലി ജുമുഅഃയാണ് പുതിയ ശൈഖുൽ അസ്ഹറായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. ഒത്തിരി പ്രതീക്ഷകളോടെയാണ് മുസ്‌ലിം ലോകം പുതിയ നിയുക്ത അൽഅസ്ഹർ മേധാവി അലി ജുമുഅയെ കാത്തിരിക്കുന്നത്. ഥൻഥാവിയുടെ പല ഫത്‌വകളോടും പരിപ്രേക്ഷ്യങ്ങളോടും വിമുഖത പ്രകടിപ്പിക്കുകയും അവസരം കിട്ടിയാൽ മനസ്സു തുറക്കുകയും ചെയ്തിരുന്ന അലിജുമുഅയുടെ ഭരണദൗത്യം അൽഅസ്ഹറിനെ അതിന്റെ പൂർവസ്ഥിതിയിലെത്തിക്കുകയും മുൻകാല തനിമയും തെളിമയും പ്രൗഢിയും വീണ്ടെടുക്കാൻ അവസരമൊരുക്കുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# കവിത കാത്തിരിക്കുമ്പോൾ



കവിത

കെ.എസ് മുസ്തഫ

ഐസ്ക്രീം വിൽപ്പനക്കാരുടെയും
കടൽ കാണുന്ന കമിതാക്കളുടെയും
മണലിനെ മറ്റെന്തൊക്കെയോ
ആക്കി മാറ്റാൻ പണിപ്പെടുന്ന
കുട്ടികളുടെയും ബഹളങ്ങൾക്കിടയിൽ
നിന്നെക്കാത്തിരിക്കുമ്പോൾ

ഈ കടൽ ആരെയോ കാത്ത്
അക്ഷമയാവുന്നതു പോലെ

ഈ കാറ്റ് ആരെയോ
തിരയുന്നതു പോലെ
ഈ ബഹളങ്ങൾ
നിശ്ശബ്ദതയെ ചൂഴ്ന്നെടുക്കാൻ
പണിപ്പെടുന്നതു പോലെ.

ഉപ്പുജലത്തിൽ സൂര്യനെ താഴ്ത്തി
തിരകളെ അടുക്കുകളായി മടക്കി
ആളുകളെ വാഹനങ്ങളിൽ കയറ്റി
രാത്രി നടന്നു വന്നതിന്റെ
പാടുകളാണോ നിലാവെളിച്ചത്തിൽ
ഈ മണലിൽ?

ഏകാന്ത നിലാവിലേക്കു പോലും
ചെന്നുകയറാനാവാതെ
എന്റെ ബലഹീനമായ ഓർമ്മകൾ
ഇവിടെ ചുറ്റിത്തിരിയുകയാണ്,
മണലിനെ വട്ടം കറക്കുന്ന
അന്തിക്കാറ്റിനൊപ്പം

കവിത

ജാഫർ കെ.വി കായലം

ഒരാൾ
പ്രണയിച്ചു തുടങ്ങുമ്പോൾ
പൂവുകൾ ശലഭങ്ങളോട്
ജീവിതത്തെ പറ്റി
ഓർമ്മിപ്പിച്ചു തുടങ്ങുന്നു

കാറ്റിൽ കവിതയും
കൗമാരവും ചേർന്ന്
തുന്നുകയാണ്
ഓർമ്മകളുടെ തൂവാല.

ശലഭം പൂവിനും
ഇല കാറ്റിനും
പക്ഷികൾ ആകാശത്തിനും
മനസ്സു കൈമാറുകയാണ്.

ജീവിതം
ഓർമ്മകൾ നെയ്ത്
വീണ്ടും ഉറങ്ങാൻ കിടക്കുകയാണ്.

